## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടി ക്രമം

വിഷയം:- പൊതു സ്ഥലമാറ്റം 2019 - ജില്ലാ മലേറിയ ഓഫീസർ- ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒ.എ നം.451/2019 മേൽ പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചുകൊണ്ടുള്ള അന്തിമ പട്ടിക ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം :- 1) ഉത്തരവ് നം.3/2017/ഉ.ഭ.പ.വ തീയതി. 25/02/2017.

2) ഈ കാര്യാലയത്തിലെ 05/03/2019-ലെ ഇതേ നമ്പർ ഉത്തരവ്.

3) ശ്രീ. വി. സുരേഷൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഫയൽ ചെയ്ത ഒ.എ നം.451/2019 മേലുള്ള 07/03/2019-ലെ ഉത്തരവ്.

**ഉത്തരവ് നം. ഇ.ജി1 - 9658 / 2019/ ആ.വ.ഡ തീയതി 03 / 06/ 2019**

2019-ലെ പൊതുസ്ഥലമാറ്റത്തോടനുബന്ധിച്ച് സൂചന (2) പ്രകാരം ജില്ലാ മലേറിയ ഓഫീസറുടെ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ കാസർഗോഡ് ജില്ലാ മലേറിയ ഓഫീസർ ശ്രീ.വി.സുരേഷൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ നം.451 / 2019 എന്നൊരു ഹർജി ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. ട്രിബ്യൂണൽ 07/03/19-ന് ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

കക്ഷിക്കാരനായ ശ്രീ.വി.സുരേഷൻ, 5, 6 എന്നീ എതിർ കക്ഷികൾ യഥാക്രമമായ കണ്ണൂർ ജില്ലാ മലേറിയ ഓഫീസർ ശ്രീമതി. ഷിനി.കെ.കെ, കോഴിക്കോട് ജില്ലാ മലേറിയ ഓഫീസർ ശ്രീ. പ്രകാശ് കുമാർ.കെ.കെ എന്നിവരെ നേരിൽ കേട്ട് 6 ആഴ്ചക്കകം സ.ഉ.നം. 3/2017/ ഉ.ഭ.പ.വ തീയതി. 25/02/17-ലെ വ്യവസ്ഥകൾക്ക് വിധേയമായി 2 - ാം എതിർ കക്ഷി തീരുമാനമെടുക്കാനാണ് ഒ.എ നം.451 / 2019 എന്ന ഹർജിമേൽ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കക്ഷിക്കാരനെയും 5, 6 എന്നീ എതിർ കക്ഷികളെയും ഉൾപ്പെടുത്തി 30/04/19-ന് ഉച്ചയ്ക്ക് 3 മണിക്ക് ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ( പൊതുജനാരോഗ്യം), അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർ ഒരു ഹിയറിംഗ് നടത്തുകയും ഇവരെ നേരിൽ കേൾക്കുകയും ചെയ്തു.

കക്ഷിക്കാരൻ ശ്രീ. വി.സുരേഷനും, എതിർ കക്ഷികൾ 5-ശ്രീമതി. ഷിനി.കെ.കെ, 6-ശ്രീ. പ്രകാശ് കുമാർ.കെ.കെ, എന്നിവർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ 3 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ചിട്ടുള്ളതിനാലും, ശ്രീമതി. ഷിനി.കെ.കെ, ശ്രീ. സുരേഷൻ.വി എന്നിവർ ഉന്നയിച്ച കാരണങ്ങൾ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ തന്നെ തുടരുവാൻ മതിയായ കാരണങ്ങൾ അല്ലാത്തതിനാൽ സൂചന (1) ലെ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിച്ച പ്രകാരം സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം ഒ.എ നം.451/2019 മേൽ 07/03/19-ൽ ബഹു. ട്രിബ്യൂണലിന്റെ പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചുകൊള്ളുന്നു.

GOVERNMENT OF KERALA 2017-18

| ക്രമ നമ്പർ | പേരും ഉദ്യോഗ പേരും | നിലവിലെ സ്ഥാപനം | സ്ഥലംമാറ്റിയ സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ.പ്രകാശ് കുമാർ.കെ.കെ ജില്ലാ മലേറിയ ഓഫീസർ | ജില്ലാ മെഡിക്കൽ ഓഫീസ്, കോഴിക്കോട് | ജില്ലാ മെഡിക്കൽ ഓഫീസ് കാസർഗോഡ് |
| 2 | ശ്രീ.സുരേഷൻ.വി ജില്ലാ മലേറിയ ഓഫീസർ | ജില്ലാ മെഡിക്കൽ ഓഫീസ്, കാസർഗോഡ് | ജില്ലാ മെഡിക്കൽ ഓഫീസ് കണ്ണൂർ |
| 3 | ശ്രീമതി. ഷീനി.കെ.കെ ജില്ലാ മലേറിയ ഓഫീസർ | ജില്ലാ മെഡിക്കൽ ഓഫീസ്, കണ്ണൂർ | ജില്ലാ മെഡിക്കൽ ഓഫീസ് കോഴിക്കോട്. |

ബന്ധപ്പെട്ട സ്ഥാപനമേധാവികൾ അടിയന്തിരമായി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും വിടുതൽ, പ്രവേശന തീയതികൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ടി ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനും സ്ഥാപനമേധാവികൾക്കും വിടുതൽ പ്രവേശന നടപടികൾക്ക് ഔദ്യോഗിക രേഖയായി എടുക്കേണ്ടതാണ്.

ഒപ്പ്/-
ഡോ. വി.മീനാക്ഷി
അഡീഷണൽ ഡയറക്ടർ ( പൊതുജനാരോഗ്യം)

സ്വീകർത്താവ്

1) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ
2) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ .
3) എ.ജി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എം.എസ് 3 /6/19

GOVERNMENT OF KERALA 2017-18